# ഖുർആന്റെ ജ്ഞാനവീക്ഷണം

അബ്ദുല്ലത്വീഫ് കൊടുവള്ളി

നബി(സ)ക്ക് ആദ്യമവതരിച്ച അഞ്ചു സൂക്തങ്ങൾ (96: 1-5) വിജ്ഞാനത്തിന്റെ പ്രാധാന്യ ലക്ഷ്യത്തെയുമാണ് സൂചിപ്പിക്കുന്നത്. എല്ലാ വിജ്ഞാനങ്ങളുടെയും ഉടമയും മൂല സ്രോതസ്സും അല്ലാഹുവാണ്: "എല്ലാ വിവരസ്ഥന്മാരുടെയും മുകളിൽ ഒരു സർവജ്ഞനുണ്ട്" (16: 36). "അവന്റെ ജ്ഞാനത്തിൽനിന്ന് അവൻ ഉദ്ദേശിച്ച അളവിൽ മാത്രമേ മനുഷ്യരുൾപ്പെടെയുള്ള സൃഷ്ടികളിൽ വിതരണം ചെയ്യപ്പെടുന്നുള്ളൂ. അവന്റെ ജ്ഞാനത്തിൽനിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ യാതൊന്നും അവർ ഉൾക്കൊള്ളുന്നില്ല" (2: 255). മനുഷ്യൻ അറിഞ്ഞതിനേക്കാൾ എത്രയോ കൂടുതലാണ് അവൻ അറിഞ്ഞിട്ടില്ലാത്തതും അറിയാനാവാത്തതുമായ കാര്യങ്ങൾ. ഇത് ഒരടിസ്ഥാനസത്യമാകുന്നു. ഈ സത്യത്തിന്റെ കലവറയില്ലാത്ത അംഗീകരണമാണ് അതിഭൗതികയാഥാർഥ്യങ്ങളിലുള്ള വിശ്വാസം. ഖുർആൻ ജീവിതത്തിന്റെ വെളിച്ചമായിത്തീരുന്നതിന് ഈ വിശ്വാസം അനിവാര്യമാണെന്ന് രണ്ടാം അധ്യായത്തിലെ പ്രഥമസൂക്തം പറയുന്നുണ്ട്.

ദൈവഹിതാനുസാരം വിതരണം ചെയ്യപ്പെടുന്ന ജ്ഞാനത്തിന്റെ പ്രഥമസ്രോതസ്സായ പ്രവാചകത്വവും ഇതര ജ്ഞാനമാർഗങ്ങളും ദൈവത്തിന്റെതന്നെ താൽപര്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗപ്പെടുത്തി ജീവിക്കുകയാണ് വേണ്ടത്. ഈ ലക്ഷ്യം മറന്നുള്ള വൈജ്ഞാനികയത്നങ്ങൾ പ്രപഞ്ചത്തിന്റെ ദൈവനിശ്ചിതമായ നൈസർഗികഘടനയെ താറുമാറാക്കും. 'അല്ലാഹുവിന്റെ പേരിൽ വായിക്കുക' എന്നാൽ, വായനയുടെ പ്രേരണയും ലക്ഷ്യവും ദൈവികമായിരിക്കണമെന്നാണ്. "അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കേണ്ടതിനുപകരം ഭൗതികതാൽപര്യങ്ങൾക്കുവേണ്ടി വിദ്യയഭ്യസിക്കുന്നവൻ സ്വർഗത്തിന്റെ സുഗന്ധം അനുഭവിക്കുകയില്ല." വായനയുടെയും വിജ്ഞാനത്തിന്റെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും മൗലികലക്ഷ്യം ദൈവികതാൽപര്യങ്ങളുടെ സാക്ഷാത്കാരമായിരിക്കണമെന്ന് മേൽ നബിവചനം കൃത്യമായി നിർണയിക്കുന്നു. 'ദൈവത്തിന്റെ പേരിൽ വായിക്കുക' എന്നു നിർദേശിച്ചതിന്റെയും പൊരുൾ മറ്റൊന്നല്ല. ഇമാം ശാഫിഈ(റ) പറയുന്നു: "അവകാശങ്ങളെയും ബാധ്യതകളെയും തിരിച്ചറിയലാണ് യഥാർഥ അറിവ്. പാരത്രികമോക്ഷത്തിന് ഇഹലോകതാൽപര്യത്തിനതീതമായി കർമം ചെയ്യലാണ് യഥാർഥജ്ഞാനം." അറിവിന്റെ ഈ പൊരുളറിയാത്ത വരെ മൃതപ്രായരെ



ന്നാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്: "നേരത്തേ നിർജീവനായിരിക്കുകയും അനന്തരം നാം ജീവിതം നൽകുകയും എന്നിട്ട് നാം ഒരു പ്രകാശം നൽകിയതിലൂടെ ജനങ്ങൾക്കിടയിൽ ജീവിതം നയിക്കുകയും ചെയ്യുന്ന ഒരുവൻ, അന്ധകാരങ്ങളിൽ അകപ്പെട്ട് ഒരു വിധത്തിലും അതിൽനിന്ന് മോചിതനാവാൻ കഴിയാത്തവനെപ്പോലെയാണോ?' (അൽ അൻആം: 122).

ഖുർആന്റെ വീക്ഷണത്തിൽ ജ്ഞാനത്തിന് മൂന്ന് മാധ്യമങ്ങളാണുള്ളത്: പഞ്ചേന്ദ്രിയങ്ങൾ, ബുദ്ധി, വെളിപാട്. ഇന്ദ്രിയങ്ങൾ മനുഷ്യന് കേവലം അലങ്കാരമല്ല. അത് വലിയ ഉത്തരവാദിത്വമാകുന്നു. ഇന്ദ്രിയങ്ങളെ ശരിയായി ഉപയോഗിക്കുക എന്നതാണാ ഉത്തരവാദിത്വം. അതിൽ വീഴ്ചവരുത്തുന്നത് കുറ്റകരമാണ്. ഖുർആൻ പറഞ്ഞു: "കേൾവി, കാഴ്ച, വിചാരം ഇവയെല്ലാം വിചാരണ ചെയ്യപ്പെടുന്നതാകുന്നു" (17: 36). ഇന്ദ്രിയങ്ങളുടെ സഹായത്തോടെയാണ് ബുദ്ധി പ്രവർത്തിക്കുന്നത്. ഇന്ദ്രിയങ്ങൾ തിര്യക്കുകൾക്കുമുണ്ട്. ബുദ്ധിയാണ് മനുഷ്യന് പ്രത്യേകമായിട്ടുള്ളത്. പ്രാപഞ്ചികപ്രതിഭാസങ്ങൾ ഇന്ദ്രിയങ്ങളിലൂടെയും പിന്നെ ബുദ്ധിയിലൂടെയും അറിയാൻ ഖുർആൻ അടിക്കടി ഉണർത്തുന്നുണ്ട്. ഭൂമിയിലുള്ളതെല്ലാം മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. മനുഷ്യൻ തന്റെ ഇന്ദ്രിയങ്ങളും ബുദ്ധിയുമുപയോഗിച്ച് അവ കണ്ടെത്തുകയും പ്രയോജനപ്പെടുത്തുകയും വേണം. മൂന്നാമത്തെ ജ്ഞാനമാധ്യമമാണ് വെളിപാട്. ഇത് ഇന്ദ്രിയാതീതമായ യാഥാർഥ്യങ്ങളിലേക്കുള്ള കിളിവാതിലാണ്. വെളിപാട് എല്ലാ മനുഷ്യർക്കുമുണ്ടാകുന്നില്ല. അതിനുവേണ്ടി ദൈവം തെരഞ്ഞെടുത്തവർക്കു മാത്രമേ അതുണ്ടാവൂ. അവരാണ് പ്രവാചകന്മാർ. നേരത്തേ സൂചിപ്പിച്ചപ്പോലെ അഗോചരമായ ചില യാഥാർഥ്യങ്ങൾ ഉണ്ട് എന്ന് അംഗീകരിക്കുന്നവർക്ക് പ്രവാചകന്മാരെ അവലംബിക്കാതെ തരമില്ല. അറിവാർജിക്കുക എന്നു ഖുർആൻ പറയുമ്പോൾ ഉദ്ദേശിക്കുന്നത് ഈ മൂന്നു മാർഗങ്ങളിലൂടെയുമുള്ള അറിവാണ്. ഓരോ മുസ്‌ലിമിനും നിർബന്ധമാണ് എന്ന് പ്രവാചകൻ പറഞ്ഞ വിദ്യാഭ്യാസവും അതുതന്നെ.

പ്രാപഞ്ചികപ്രതിഭാസങ്ങളെക്കുറിച്ച് പര്യാലോചിക്കാൻ നിരന്തരം ഉപദേശിക്കുന്ന ഖുർആൻ അവയെക്കുറിച്ച അറിവിലൂടെ ലഭ്യമാകേണ്ടുന്ന ദൈവികബോധത്തെയാണ് ഒന്നാമതായി എടുത്തുപറയുന്നത്. അവയുടെ ഭൗതികോപയോഗത്തെക്കുറിച്ച് രണ്ടാമതായേ പറയുന്നുള്ളൂ. ഉദാഹരണം: 'നിങ്ങളൊരിക്കലും ആലോചിച്ചിട്ടില്ലയോ? നിങ്ങൾ കത്തിക്കുന്ന ഈ തീ, അതിനുള്ള മരം നിങ്ങളുണ്ടാക്കിയതാണോ അതോ നാമാണോ

അതുണ്ടാക്കിയവൻ? നാം അതിനെ അനുസ്മരണോപാധിയും ആവശ്യക്കാർക്ക് ജീവിതവിഭവവുമാക്കിയിരിക്കുന്നു" (56: 71-73). ലോകസ്രഷ്ടാവായ അല്ലാഹുവെക്കുറിച്ച് ഓർമപ്പെടുത്താതെ ഒരനുഗ്രഹത്തെയും ഖുർആൻ വിവരിക്കുന്നത് കാണുകയില്ല. ഏതൊരു വസ്തുവിന്റെയും പ്രഥമമൂല്യം ദൈവസ്മരണയാണ്.

'ജ്ഞാനമെന്നാൽ കൂടുതൽ വിവരങ്ങൾ ഉദ്ധരിക്കാൻ കഴിയുകയല്ല. പ്രത്യുത, അല്ലാഹുവെ ഭയപ്പെടലാണ്' എന്ന മഹദ്വചനം അനുസ്മരണീയമാകുന്നു. വിദ്യാഭ്യാസത്തിനായി കോടിക്കണക്കിനു ഡോളറുകൾ ചെലവഴിക്കുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. വിവിധ വിദ്യകളാണ് കാലഘട്ടത്തിലെ ദൈവങ്ങൾ എന്നുതന്നെ പറയാം. പക്ഷേ, പ്രപഞ്ചനാഥനെ മനസ്സിലാക്കാനോ മനുഷ്യജന്മത്തിന്റെ യഥാർഥലക്ഷ്യം കണ്ടെത്താനോ കഴിയാത്ത വിദ്യാഭ്യാസം മാനവസമൂഹത്തിന് സമ്മാനിക്കുന്നത് തികഞ്ഞ അവിദ്യ മാത്രമാണ്. 'അല്ലാഹു അല്ലാതെ ദൈവമില്ലെന്ന് നീ അറിയുക' (47: 19) ഖുർആൻപ്രകാരം സാക്ഷരതയുടെ ഒന്നാം പാഠം ഈ വിവരമത്രെ!

ഖുർആനികവീക്ഷണത്തിൽ മൂന്നാലൊരു കാരണത്താലാണ് മനുഷ്യർക്ക് ശ്രേഷ്ഠത കൽപിക്കപ്പെടുക.

ഒന്ന്, വിജ്ഞാനം: 'അറിയുന്നവരും അറിയാത്തവരും സമമാണോ?'

രണ്ട്, സത്യവിശ്വാസം: 'നിങ്ങളിലെ സത്യവിശ്വാസികളെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തും.'

മൂന്ന്, സ്വഭാവമൂല്യങ്ങൾ: 'ഭക്തന്മാരെ നാം കുറ്റവാളികളെപ്പോലെയാക്കുകയോ? പുണ്യാത്മാക്കൾ സൗഖ്യത്തിലും കുറ്റവാളികൾ നരകത്തിലുമായിരിക്കും.'

ഈ മൂന്നു ഗുണങ്ങളും -സത്യവിശ്വാസം, വിജ്ഞാനം, മൂല്യങ്ങൾ- ഒരു മനുഷ്യനിൽ ഒത്തുചേർന്നാൽ പ്രവാചകന്മാർക്കുശേഷം ഭൂമുഖത്തെ ഉത്തമൻ അയാളായിരിക്കും. ഖുർആൻ ഈ ആശയം അവതരിപ്പിക്കുന്നതിങ്ങനെയാണ്: "നിങ്ങളിൽ ഏറ്റവും വിശിഷ്ടൻ നിങ്ങളിൽ ഏറ്റവും ദൈവഭക്തിയുള്ളവനാകുന്നു" (അൽഹുജുറാത്ത്).

ദൈവോന്മുഖമായ വിജ്ഞാനത്തെ ലോകോപകാരപ്രദമായി മാത്രം ഉപയോഗപ്പെടുത്തുക എന്നതാണ് ഖുർആന്റെ നയം. ഉപകാരപ്രദമായ വിജ്ഞാനത്തിനായി അല്ലാഹുവിനോട് പ്രാർഥിക്കണമെന്ന് നബി(സ) പഠിപ്പിക്കുന്നു. വിജ്ഞാനം ഉപകാരപ്രദമെന്നപോലെ ഭക്തിപ്രദായിനി കൂടിയായിരിക്കണം.

'അല്ലാഹുവേ! ഉപകാരപ്രദമല്ലാത്ത വിജ്ഞാനത്തിൽനിന്നും ഭയഭക്തിയുണ്ടാകാത്ത ഹൃദയത്തിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു' എന്നത് നബിയുടെ സ്ഥിരം പ്രാർഥനയായിരുന്നു.